ഉണർന്ന് കാപ്പി കുടിച്ച് റബ്ബർ വെട്ടാൻ പോകുന്ന തമ്പിയെ നേരം പുലർന്നിട്ടും കാണാതാകയാൽ പലയിടത്തും അന്വേഷിച്ചു. വീട് വിട്ട് സാധാരണ പുറത്തുപോകാതെ വീടുപണിയുമായി ഒതുങ്ങിക്കഴിയുന്ന തമ്പിയെ കാണാതെ വന്നപ്പോൾ ഉച്ചയോടുകൂടി പിതാവ് രാമമംഗലം പോലീസ് സ്റ്റേഷനിൽ പരാതി നൽകി. മൂന്നു മണിയോടെ തമ്പിയുടെ വീട്ടിൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ ദൂരെ ഇടയൻ കാട്ടിൽ രാജു എന്നയാളുടെ വീട്ടു വളപ്പിലുള്ള കിണറ്റിൽ തമ്പിയുടെ മൃതദേഹം കാണപ്പെട്ടു. അര മീറ്റർ മാത്രം വെള്ളമുള്ള കിണറ്റിൽ കാണപ്പെട്ട തമ്പിയുടെ ശവം കണ്ട് നാട്ടുകാർ അമ്പരന്നു. വെളുപ്പിന് മൂന്നു മണിക്കുശേഷം മേൽപ്പടി സ്ഥലത്തു പോകുവാനോ കിണറ്റിൽ ചാടുവാനോ ഉള്ള യാതൊരു സാദ്ധ്യതയും ഇല്ലാത്തതാണ്. പ്രസ്തുത സംഭവത്തിൽ ഒട്ടേറെ ദുരൂഹതകൾ നിറഞ്ഞു നിൽക്കുന്നു. സംഭവത്തിൽ സംശയം തോന്നിയ പിതാവ് ശ്രീ. തോമസ് തന്റെ മകൻ കൊല്ലപ്പെട്ടതാണെന്നും ഇതേക്കുറിച്ച് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കും ഡി.ജി.പി.ക്കും പോലീസ് ഉദ്യോഗസ്ഥന്മാർക്കും അവിടത്തെ എം.എൽ.എ. എന്നുള്ളനിലയിൽ എനിക്കും പരാതി നൽകി. ഞാൻ അത് മുഖ്യമന്ത്രിക്ക് ഒരു കത്ത് സഹിതം അയച്ചു കൊടുത്തു. സംഭവത്തെക്കുറിച്ചുള്ള അന്വേഷണം തൃപ്തികരമല്ലെന്ന് തോന്നിയ നാട്ടുകാർ മേയ് മാസം 7-ാം തീയതി എഴക്കര നാട്ടിൽ ഒരു യോഗം ചേർന്ന് തമ്പിയുടെ കൊലപാതകം ഗൗരവമായി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുജാതശശി ചെയർമാനും പഞ്ചായത്ത് അംഗങ്ങളും എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും സാമൂഹ്യപ്രവർത്തകരും ചേർന്ന് ഒരു സമിതി രൂപീകരിക്കുകയും മുഖ്യമന്ത്രിയും ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർക്കും ഇതു സംബന്ധിച്ച് പരാതി നൽകുകയും ചെയ്തു. പക്ഷെ അന്വേഷണം കാര്യമായനിലയിൽ പുരോഗമിക്കുന്നില്ല. അതിന്റെ പിന്നിൽ രാഷ്ട്രീയ മുണ്ടോയെന്ന് ജനങ്ങൾക്ക് സംശയമുണ്ട്. സംഭവത്തെ സംബന്ധിച്ച് വീട്ടുകാർക്കും നാട്ടുകാർക്കും തോന്നിയിട്ടുള്ള ചില സംശയങ്ങളും സാഹചര്യതെളിവുകളും പുത്തൻകുരിശ് സർക്കിൾ ഇൻസ്പെക്ടറെ ധരിപ്പിച്ചുവെങ്കിലും അന്വേഷണം പുരോഗമിച്ചിട്ടില്ല. അതുകൊണ്ട് ലോക്കൽ പോലീസിൽ നിന്നും ഈ അന്വേഷണം മാറ്റി ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, എറണാകുളം രാമമംഗലം മടക്കാമുറ്റത്ത് മാണി തോമസിന്റെ മകൻ തമ്പി 27.4.1999-ന് രാമമംഗലം എഴക്കര മുളയംകാട് ഷാജു വർഗ്ഗീസിന്റെ വീട്ടുവളപ്പിൽ വടക്കുകിഴക്കു ഭാഗത്തുള്ള കിണറ്റിൽ മരിച്ചനിലയിൽ കാണപ്പെട്ടു. ഇതു സംബന്ധിച്ച് രാമമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം 53/99-ാം നമ്പറായി ഒരു കേസ്സ് രജിസ്റ്റർചെയ്തു അന്വേഷിച്ചുവരുകയാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മുങ്ങിമരണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേസ്സന്വേഷണം ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) കിളിമാനൂർ മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : എന്റെ നിയോജകമണ്ഡലത്തിലെ മരാമത്തു റോഡുകൾ സഞ്ചാരയോഗ്യമോ ഗതാഗതയോഗ്യമോ അല്ലാതായിട്ട് ഒട്ടേറെ മാസങ്ങളും വർഷങ്ങളുമായി. കഴിഞ്ഞ പേമാരിയും വെള്ളപ്പൊക്കവും

LIBRARY ARCHIVES Kerala Legislative Assembly

മൂലം റോഡുകൾ കൂടുതൽ പൊട്ടിപ്പൊളിഞ്ഞ് കലിങ്കുകൾ ഇടിഞ്ഞു തകർന്ന് ഗതാഗതം കുറെക്കൂടി ദുഷ്കരമായിരിക്കുകയാണ്. ഏതാനും റോഡുകളുടെ ലിസ്റ്റ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ നൽകിയിട്ടുണ്ട്. ഇനി പറയുന്ന റോഡുകൾ അടിയന്തിരമായി റീ-ടാർ ചെയ്യുകയും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുമാണ്. എം.സി. റോഡിൽ 40-ാമത്തെ കിലോമീറ്റർ മുതൽ 42-ാമത്തെ കിലോമീറ്റർ വരെയും 42-ാമത്തെ കിലോമീറ്റർ മുതൽ 44-ാമത്തെ കിലോമീറ്റർ വരെയും 40 മില്ലീമീറ്റർ കനത്തിൽ ടാർ ചെയ്തേ മതിയാകൂ. കിളിമാനൂർ മടവൂർ റോഡിൽ 5-ാമത്തെ കിലോമീറ്റർ മുതൽ 8-ാമത്തെ കിലോമീറ്റർ വരെയും നഗരൂർ കല്ലമ്പലം റോഡിൽ 8-ാമത്തെ കിലോമീറ്റർ മുതൽ 10-ാമത്തെ കീലോമീറ്റർ വരെയും മടത്തറ റോഡിൽ 4-ാമത്തെ കിലോമീറ്റർ മുതൽ 6-ാമത്തെ കിലോമീറ്റർ വരെയും പോങ്ങനാട് പുതുശ്ശേരിമുക്ക് റോഡിൽ 2-ാമത്തെ കിലോമീറ്റർ മുതൽ 3.4 കിലോ മീറ്റർ വരെയും കിളിമാനൂർ അടയമൺവഴി കടയ്ക്കൽ റോഡ് 3-ാമത്തെ കിലോമീറ്റർ മുതൽ 4-ാമത്തെ കിലോമീറ്റർ വരെയും ചെമ്മരത്തുംമുക്ക് പുതുശ്ശേരിമുക്ക് റോഡ് 3 കിലോമീറ്റർ, പൊരുന്തൽ കല്ലറ റോഡിൽ 5 കിലോമീറ്റർ മുതൽ 7 കിലോമീറ്റർ വരെയും കിളിമാനൂർ അടയമൺ വഴി കടയ്ക്കൽ റോഡിൽ രണ്ടു കിലോമീറ്റർ, തുമ്പോട് കൈത്തോട് പനാംകുന്നുവഴി തട്ടത്തുമല റോഡ്, കാരേറ്റ് കല്ലറ റോഡ്, നഗരൂർ കാരേറ്റ് റോഡ്, പള്ളിക്കൽ ചടയമംഗലം റോഡ്, മടവൂർ നിലമേൽ റോഡ്, പള്ളിക്കൽ മുതല ഇടവേലിയിൽ റോഡ്, പള്ളിക്കൽ പകൽകുറി വഴി വെള്ളല്ലൂർ റോഡ്, പാപ്പാല-പാങ്ങൻതട റോഡ്, ആറ്റിങ്ങൽ-ഇളമ്പ-പൊയ്കമുക്ക്, കളമച്ചൽ റോഡ്, അവനവഞ്ചേരി അയിലം റോഡ്, ആറ്റിങ്ങൽ-വാളക്കാട്-ചെമ്പൂർ റോഡ്, ഈ റോഡുകൾ എല്ലാം പല ഭാഗത്തും പൊട്ടിപ്പൊളിഞ്ഞ് തകർന്ന് തരിപ്പണമായി കുണ്ടും കുഴിയുമായി കിടക്കുകയാണ്. ആളുകൾക്ക് നടക്കാൻ പറ്റുകയില്ല. ഗതാഗത യോഗ്യമല്ല. അതുപോലെതന്നെ കിളിമാനൂർ ആലംകോട് റോഡിൽ തകർന്നിരിക്കുന്ന രണ്ട് കലിങ്കുകൾ ഉണ്ട്. കിളിമാനൂർ മടവൂർ റോഡിൽ ഇടിഞ്ഞുപൊളിഞ്ഞു പോയിട്ടുള്ള കലിങ്കിന്റെ പണിയും കിളിമാനൂർ പഞ്ചായത്ത് ഓഫീസിന്റെ മുൻപിലുള്ള ഓടയും നിർമ്മിക്കണം. കിളിമാനൂർ ആലംകോട് റോഡിൽ സംരക്ഷണഭിത്തി കെട്ടണം. അവിടെയും ഇടിഞ്ഞുപോയ കലിങ്കു പണിയണം. കിളിമാനൂർ ജംഗ്ഷനിൽ എം.സി.റോഡിൽ ഓട കെട്ടുകയും പൊട്ടിപ്പൊളിഞ്ഞുപോയ സ്ലാബ് മാറ്റിയിടുകയും ചെയ്യണം. നാവായിക്കുളം റോഡിൽ ഇടിഞ്ഞുപോയ കലിങ്ക് പുനർനിർമ്മിക്കണം. ഇത്രയും റോഡുകളും കലിങ്കുകളും തകർന്നു തരിപ്പണമായി കിടക്കുകയാണ്. സഭാധ്യക്ഷനായ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇതിനെപ്പറ്റി ഏകദേശ രൂപം അറിയാം. ആ മണ്ഡലത്തിൽ അദ്ദേഹം വന്നിട്ടുള്ളതാണ്. നേരിൽ വന്നു കണ്ടാലേ അതിന്റെ ഗൗരവസ്ഥിതി മനസ്സിലാകുകയുള്ളൂ. അല്ലാതെ വാക്കുകൾകൊണ്ട് ഇത് വിവരിക്കാൻ ഞാൻ അശക്തയാണ്. അത്രമാത്രം ദുരിതപൂർണ്ണമാണ് ആ റോഡുകൾ. എന്റെ മണ്ഡലത്തിൽ മുൻ ഗവണ്മെന്റിന്റെ കാലത്ത് ഭരണാനുമതി നൽകിയ 9 റോഡുകളും സ്കൂൾ കെട്ടിടങ്ങളും ഒരു പാലവുമുണ്ട്. ഒരു പണിയും നടത്തിയിട്ടില്ല. ഈ ഗവണ്മെന്റിന്റെ കാലത്ത് നാലു ബഡ്ജറ്റിലും തുക വകയിരുത്തിയിട്ടില്ല. ഒരു റോഡിന് 7 ലക്ഷം രൂപയോളം ചെലവുവരും. മരാമത്തു പണികൾക്കായി കോടിക്കണക്കിന് രൂപ മാറ്റിവയ്ക്കുന്ന ഈ സർക്കാർ ഒരു നയാപൈസ പോലും എന്റെ മണ്ഡലത്തിലെ അറ്റുകുറ്റപ്പണികൾക്കായി മാറ്റിവച്ചിട്ടില്ല. തുല്യമായ വിഹിതം എന്റെ മണ്ഡലത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഒരു റോഡിന്റെ ഒന്നു മുതൽ 2 കിലോമീറ്റർ വരെയും 4 മുതൽ 6 കിലോമീറ്റർ വരെയും എന്നു പറഞ്ഞു കഴിയുമ്പോൾ തന്നെ വലിയൊരു ലിസ്റ്റാണ്. അറ്റ കുറ്റ പണികൾ നടത്തുകയെന്നുള്ളതല്ലാതെ ഒരു വലിയ വർക്കും ഏറ്റെടുക്കാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷം ഉണ്ടെന്നുള്ളത് പ്രത്യേകം പറയേണ്ടതില്ലല്ലോ. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകും.

(7) ഗവണ്മെന്റ് വിക്ടോറിയ കോളേജിലും മെഴ്സി കോളേജിലും പുതിയ കോഴ്സുകൾ

ശ്രീ. ടി.കെ. നൗഷാദ് : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പാലക്കാട് ജില്ലയിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് കോളേജുകൾ കുറവാണ്. കോഴിക്കോട് സർവ്വകലാശാലയ്ക്കു കീഴിലുള്ള കോഴിക്കോട്, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ യഥാക്രമം 32-ഉം, 28-ഉം, 26-ഉം കോളേജുകൾ ഉള്ളപ്പോൾ പാലക്കാട് 14 കോളേജുകൾ മാത്രമാണുള്ളത്. ജില്ലാ ആസ്ഥാനത്ത് പാലക്കാട് വിക്ടോറിയ കോളേജും, മെഴ്സി കോളേജും മാത്രമേയുള്ളൂ. പാലക്കാട് വിക്ടോറിയ കോളേജിൽ ബി.എസ്.സി.ക്കും ബി.എ.ക്കും ആകെ 492 സീറ്റുകൾ ഉള്ളപ്പോൾ അപേക്ഷകർ മൂവായിരത്തോളം പേരാണ്. ബിരുദാനന്തര ബിരുദത്തിന് 70 സീറ്റുകൾ മാത്രമേയുള്ളൂ. അതുപോലെ തന്നെ മെഴ്സി കോളേജിൽ ബി.എസ്.സി., ബി.എ., ബി.കോം എന്നിവ ഉൾപ്പെടെ 334 സീറ്റുകളിലേക്ക് അപേക്ഷകർ 1,700 പേരാണ്. ഈ അവസ്ഥയിൽ പ്രീ-ഡിഗ്രിയും ഡിഗ്രിയും പരീക്ഷകൾ വിജയിച്ച ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഡിഗ്രിക്കും, പി.ജി.ക്കും പ്രവേശനം നിഷേധിക്കപ്പെടുന്നു. മാത്രമല്ല കാലാനുസൃതമായി തൊഴിൽ സാദ്ധ്യതകൾ കൂടുതലുള്ള കോഴ്സുകൾ ഇവിടെ അനുവദിക്കപ്പെട്ടിട്ടുമില്ല. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് ജില്ലയുടെ പിന്നോക്കാവസ്ഥയും മറ്റു സാഹചര്യങ്ങളും കണക്കിലെടുത്ത് ജില്ലാ ആസ്ഥാനത്തുള്ള പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ ഈ വർഷം അപേക്ഷിച്ചിട്ടുള്ള ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, ബി.എസ്.സി., പോളിമർ കെമിസ്ട്രി, ബി.എ., ജിയോഗ്രഫി, എം.എ. മലയാളം എന്നീ കോഴ്സുകളും മെഴ്സി കോളേജ് ഈ വർഷം അപേക്ഷിച്ചിട്ടുള്ള ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി. ഫിസിക്സ്, എം.എസ്.സി. കെമിസ്ട്രി എന്നീ കോഴ്സുകളും അടിയന്തിരമായി ഈ അദ്ധ്യയനവർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, യൂണിവേഴ്സിറ്റികളിൽനിന്നുള്ള ശുപാർശകൾ ഗവണ്മെന്റ് പരിശോധിച്ചുവരുന്നതേയുള്ളൂ. ഈ കഴിഞ്ഞ വർഷം ഒരു കോളേജിന് ഒരു കോഴ്സ് എന്നുള്ള നിലയ്ക്കാണ് അനുമതി നൽകിയത്. ഈ വർഷവും യൂണിവേഴ്സിറ്റിയുടെ നിർദ്ദേശങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേക ആവശ്യവുംകൂടി പരിഗണിച്ച് വേണ്ട തീരുമാനം എടുക്കുന്നതാണ്.

(8) താനൂർ മണ്ഡലത്തിലെ മൂലയ്ക്കൽ-ഉണ്യാൽ എം.എൽ.എ. റോഡ്

LIBRARY ARCHIVES Kerala Legislative Assembly